"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) -മറൈൻ ഡ്രൈവിലെ 2 1/2 സെന്റ് സ്ഥലത്ത് മോഡൽ ബഹുനില കെട്ടിടം പണിയുന്നതിനായി മത്സരാടിസ്ഥാനത്തിൽ RFP വിളിച്ച് പി.പി.പി വ്യവസ്ഥയിൽ നിർമ്മാണം നടത്തുന്നതിന് തത്വത്തിൽ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.652/2025/LSGD തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-

1. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 14.02.2024, 11.05.2024, 19.10.2024, 15.01.2025 തീയതികളിലെ 3614/പി.എൽ1/2023/ജിസിഡിഎ നമ്പർ കത്തുകൾ
2. 30.09.2024 തീയതിയിലെ വിശാല കൊച്ചി വികസന അതോറിറ്റിയുടെ 46/2024-25 നമ്പർ ജനറൽ കൗൺസിൽ തീരുമാനം

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മറൈൻ ഡ്രൈവിലെ 2 1/2 സെന്റ് സ്ഥലത്ത് ഒരു മോഡൽ ബഹുനില കെട്ടിടം പണിയുന്നതിന് മത്സരാടിസ്ഥാനത്തിൽ RFP വിളിച്ച്, DBOT (Design, Built, Operate and Transfer) വ്യവസ്ഥയിൽ നടപ്പാക്കുന്നതിന് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്നും ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടം DBOT വ്യവസ്ഥയിൽ ഉപയോഗിച്ചതിനുശേഷം ജിസിഡിഎ-ക്ക് രണ്ടോ മൂന്നോ വർഷം കഴിഞ്ഞ് കൈമാറുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ അനുമതി ലഭ്യമാക്കണമെന്നും ജിസിഡിഎ സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മറൈൻ ഡ്രൈവിലെ 21/2 സെന്റ് സ്ഥലത്ത് ഒരു മോഡൽ ബഹുനില കെട്ടിടം പണിയുന്നതിന് മത്സരാടിസ്ഥാനത്തിൽ RFP വിളിച്ച്, DBOT വ്യവസ്ഥയിൽ സർക്കാരിന്/അതോറിറ്റിയ്ക്ക് നഷ്ടമുണ്ടാകാത്ത രീതിയിൽ പദ്ധതി നടപ്പാകുന്നതിനുള്ള തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര-പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA3/31/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 10-03-2025 12:15:40

സെക്ഷൻ ഓഫീസർ